വെള്ളമെടുക്കാൻ പോയ ലോറി തകർത്തു. ഇത്രയും ഭീകരമായ ഒരു ചിത്രം ചാവക്കാട് പ്രദേശത്ത് ഇതിനു മുമ്പുണ്ടായിട്ടില്ല. അത്രയ്ക്ക് പൈശാചികമായ ആക്രമണമാണ് നടന്നത്. നൂറോളം ആളുകൾ ചേർന്നാണ് ആക്രമണം നടത്തിയത്. വളരെ ഭീകരമായ അവസ്ഥയാണ് ചാവക്കാട് പ്രദേശത്ത് നിലനിൽക്കുന്നത്. ആർ.എസ്.എസ് പ്രവർത്തകർ വളരെ പ്ലാൻഡായി വളരെ വേഗതയിലാണ് ഒരു പ്രകോപനവുമില്ലാതിരുന്ന പ്രദേശത്ത് ആക്രമണം നടത്തിയത്. അവിടെ കുറച്ച് ദിവസങ്ങൾക്ക് മുമ്പ് കോൺഗ്രസ്സുകാരും ചെറിയ തോതിലുള്ള ആക്രമണങ്ങൾ നടത്തിയിരുന്നു. കോൺഗ്രസ്സുകാരും ആർ.എസ്എസ്.കാരും കൂടി ചെയ്യുന്ന പ്രവർത്തികളാണിത്. കോൺഗ്രസ്സുകാർ അതിന് പിൻതുണ നൽകുകയാണ് (ബഹളം).....(ബഹളം)..... നാട്ടുകാർക്ക് അവിടെ ജീവിക്കാൻ സാധിക്കേണ്ടേ. ആർ. എസ്. എസും, കോൺഗ്രസ്സും ഒന്നാണ്. ഇതിൽ നടപടികളുണ്ടാകണം. നാട്ടിൽ സാമധാനമുണ്ടാകണം. കോൺഗ്രസ് ഇതിനെ ശക്തമായി അപലപിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, തൃശ്ശൂരിലെ ചാവക്കാട് സി.പി.എം.ന്റെ കൊടിതോരണങ്ങളും സ്തൂപവും 17-2-2000ന് ആർ.എസ്.എസ്., ബി.ജെ.പി.പ്രവർത്തകർ നശിപ്പിച്ചു. ഇതിൽ പ്രതിഷേധിച്ച് 19-2-2000 -ന് വൈകിട്ട് സി.പി.എം.പ്രവർത്തകർ പ്രതിഷേധ പ്രകടനം നടത്തി. പ്രകടനത്തിനിടയിലേയ്ക്ക് ബി.ജെ.പി. പ്രവർത്തകനായ മനോജ് ഓട്ടോറിക്ഷ ഓടിച്ചു കയറ്റി. അതിനെത്തുടർന്ന് വാക്കുതർക്കവും പിടിയും വലിയുമുണ്ടായതിനെത്തുടർന്ന് ആർ.എസ്.എസ്. പ്രവർത്തകർ വടി, ദണ്ഡ് മുതലായവ കൊണ്ട് മുല്ലത്തറയിലും പ്ലാങ്ങാട്ടും ആക്രമണം നടത്തി. സി.ഐ.റ്റി.യു. പ്രവർത്തകരായ ബാലൻ, ഭാസ്ക്കരൻ, മോഹനൻ എന്നിവർക്കും അവിടെയുണ്ടായിരുന്ന ലോറി ഡ്രൈവർ പ്രമോദിനും ക്ളീനർ ജോഷിക്കും പരിക്കുപറ്റി. ഇതിലേയ്ക്ക് ചാവക്കാട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. കേസിൽ പ്രതികളായ മൂന്ന് ബി.ജെ.പി. പ്രവർത്തകരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. സ്ഥലത്ത് ശക്തമായ പോലീസ് ബന്തവസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്. ജനങ്ങളുടെ സമാധാന ജീവിതം തകർക്കുന്ന നിലയിലുള്ള നീക്കങ്ങൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കും. ചാവക്കാട് പ്രദേശത്തും സമാധാനം ഉറപ്പുവരുത്തുന്നതിനു വേണ്ടി ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ തൃശ്ശൂർ ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥലത്ത് പോലീസ് ആക്റ്റനുസരിച്ച് നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

(3) ചങ്ങനാശ്ശേരി എസ്.ബി.കോളേജിലെ വിദ്യാർത്ഥികളെ ആക്രമിച്ചത് സംബന്ധിച്ച്

ശ്രീ. സി. എഫ്. തോമസ് : സർ, ചങ്ങനാശ്ശേരി എസ്.ബി.കോളേജ് ഈ സംസ്ഥാനത്ത് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി ആക്രമണത്തിനും എസ്. എഫ്.ഐ.യുടെ ആക്രമണത്തിനും നിരന്തരമായി വിധേയമായിട്ടുള്ളതാണ്. 1998 ഒക്ടോബർ മാസം എസ്.ബി.കോളേജിൽ നടന്ന സമരം എസ്.എഫ്.ഐ. സംഘടിതമായി അവരുടെ ശക്തിയുപയോഗിച്ച് നടത്തിയ സമരമാണ്. അതിനെ

LIBRARY ARCHIVES Kerala Legislative Assembly

അവിടത്തെ ജനങ്ങൾ ശക്തിയായി നേരിടുകയുണ്ടായി. അനാവശ്യമായ പിടിവാശി മാനേജ്മെന്റും രക്ഷകർത്താക്കളും കാണിച്ചില്ല. എസ്.ബി.കോളേജ് ഈ സംസ്ഥാനത്തെ ഏറ്റവും നല്ല കോളേജിനുള്ള ആർ.ശങ്കർ അവാർഡ് രണ്ട് പ്രാവശ്യം തുടർച്ചയായി നേടിയതാണ്. അടുത്തകാലത്ത് അഖിലേന്ത്യാ കമ്മിറ്റി എസ്.ബി.കോളേജിന് ഫൈവ്സ്റ്റാർ ബഹുമതിയും നൽകി. ആ കോളേജിനോടുള്ള വൈരാഗ്യം ഒന്നേമുക്കാൽ കൊല്ലമായിട്ട് ഇവരുടെ മനസ്സിൽ നിന്ന് മാറിയിട്ടില്ല. ഇന്നലെ വെളുപ്പിനെ എസ്.ബി.കോളേജിൽനിന്ന് എം.ജി. യൂണിവേഴ്സിറ്റി സംഘടിപ്പിച്ച ദക്ഷിണമേഖലാ കലോൽസവത്തിൽ പങ്കെടുക്കാൻ കുട്ടികൾ കോട്ടയത്തു പോയി. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കുന്നു എന്ത് ഫാസിസമാണ് ഇവിടെ അരങ്ങേറുന്നത്? വെളുപ്പിന് രണ്ട് മണിക്ക് ബസേലിയസ് കോളേജിലെ മൽസരത്തിൽ മാർഗ്ഗംകളി എന്നൊരു ഇനമുണ്ട്. ഗ്രൂപ്പായിട്ടുള്ള കളിയാണ്. അതുകഴിഞ്ഞ് ലോഡ്ജിലേയ്ക്ക് പോയ കുട്ടികളെ മനോരമ ജംഗ്ഷന് മുൻപിൽ വച്ച് പി.ടി.കുഞ്ഞിമുഹമ്മദ് ഇപ്പോൾ പറഞ്ഞല്ലോ, എന്ത് പ്രകോപനമെന്ന് ചോദിച്ചല്ലോ, കുട്ടികളെ, കലാപ്രതിഭകളെ അവരുടെ യൂണിയൻ ചെയർമാന്റെ സാന്നിദ്ധ്യത്തിൽ അവിടുത്തെ ആർട്സ് ക്ലബ് പ്രസിഡന്റായ ജെയിംസ് മണിമലയുടെ സാനിദ്ധ്യത്തിൽ ഈ കുഞ്ഞുങ്ങളെ ആരാണെന്നോ നേരിട്ടത്, എസ്.എഫ്.ഐ. പ്രവർത്തകർ. നിങ്ങൾക്ക് ഇത് നിഷേധിക്കാമോ? ഈ കുട്ടികളെ നേരിടാൻ എസ്.എഫ്.ഐ.ക്കാർ മാത്രമല്ല കൂടെ ഓട്ടോറിക്ഷായിൽ വടിവാളും കഠാരയുമായി ഒരു സംഘം വേറെകുറെ ആളുകളും ഉണ്ട്. ഈ കുഞ്ഞുങ്ങൾ നാലുവശത്തും ഓടുകയാണ്. ഓടാത്ത ഒരു കുട്ടിയെ ചവിട്ടി അടുത്തുള്ള ഒരു ഗേറ്റിന്റെ മുന്നിലിട്ടു. കോളേജിലെ പ്രൊഫസർ ഓടിയില്ല. ഞാൻ അദ്ധ്യാപകനാണെന്ന് പറഞ്ഞപ്പോൾ നിന്റെ പ്രൻസിപ്പാളിനോട് ചെന്ന് പറഞ്ഞേരേ ഞങ്ങൾ നോട്ടമിട്ടിരിക്കുകയാണെന്ന്. ബഹുമാന്യനായ പിണറായി വിജയൻ ഇന്നലെ ഇവിടെ ഫാസിസത്തിന്റെ വിവിധ രൂപങ്ങൾ പല സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെടുകയാണെന്ന് പറഞ്ഞു. അത് എന്റെ മനസ്സിലുണ്ട്. ഇത് ഏത് രൂപമാണ്. ഇത് പൊളിറ്റിക്കൽ ഫാസിസമാണോ. ഇത് എന്ത് മാനവീയം. നിങ്ങൾ അവതരിപ്പിക്കുന്ന ഇപ്പോഴത്തെ മാനവീയത്തിൽ ഞങ്ങൾ പല പോയിന്റ്സ് പറഞ്ഞ് എതിർത്തപ്പോൾ പറഞ്ഞു മാനവീയം കലാ-സാംസ്കാരിക മൂല്യങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ളതാണെന്ന്. ഇത് ആദ്യത്തെ അക്രമമല്ല. മൂന്നാമത്തെ റൗണ്ട് അവർ താമസിക്കുന്ന ലോഡ്ജ് വരെ കുഞ്ഞുങ്ങളെ ഓടിച്ച് തല്ലി. സോണൽ മൽസരത്തിൽ വിജയിക്കുന്ന കുട്ടികൾക്ക് റാന്നിയിൽ അടുത്ത ആഴ്ച ഇന്റർ സോൺ മൽസരം നടക്കുന്നുണ്ട്. അവിടെ ചെന്നാൽ കൊന്നുകളയുമെന്നാണ് ഇപ്പോൾ ഭീഷണിപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് ഞാൻ മൂന്ന് കാര്യങ്ങൾ ആവശ്യപ്പെടുന്നു. ഒന്ന് ഈ മർദ്ദനം നടത്തിയ ആളുകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം. രണ്ട്, ശനിയാഴ്ചത്തെ മൽസരങ്ങളിൽ എസ്.ബി.കോളേജിലെ കുട്ടികളെ പങ്കെടുപ്പിക്കുകയില്ലെന്ന് വാശിപിടിച്ച് എസ്.എഫ്.ഐ.ക്കാർ അക്രമം അഴിച്ചു വിട്ടതുമൂലം ഞായറാഴ്ചത്തെ മത്സരങ്ങളിൽ പങ്കെടുക്കാൻ ഒത്തില്ല. ആ മൽസരങ്ങളിൽ കുട്ടികൾക്ക് പങ്കെടുക്കാനുള്ള അവസരം കൊടുക്കണം. മൂന്ന്, സോണൽ മൽസരങ്ങളിൽ വിജയികളായവർ റാന്നിയിൽ ചെല്ലുമ്പോൾ കയ്യും കാലുംവെട്ടുമെന്നാണ് പറഞ്ഞിരിക്കുന്നത്. അതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണം. ഇത് കേരളമാണോ? ഇവിടത്തെ മുഖ്യമന്ത്രി മറുപടി പറയണം. ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ.ഇ.കെ.നായനാർ) : സർ, 20-2-2000-ൽ കോട്ടയത്ത് നടന്ന മഹാത്മാഗാന്ധി സർവ്വകലാശാല ദക്ഷിണ മേഖല യുവജനോത്സവത്തിൽ പങ്കെടുത്ത് മടങ്ങുകയായിരുന്ന ചങ്ങനശ്ശേരി എസ്.ബി.കോളേജിലെ വിദ്യാർത്ഥികളെ ഒരു സംഘം ആളുകൾ ആക്രമിച്ചതായി കാണിച്ച് 21-2-2000-ന് എസ്.ബി കോളേജ് പ്രിൻസിപ്പലിൽ നിന്ന് പരാതി ലഭിച്ചു. ഇതേ തുടർന്ന് കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 68/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. ആർക്കെങ്കിലും പരിക്കു പറ്റിയതായോ ആശുപത്രിയിൽ പ്രവേശിപ്പിച്ചതായോ അന്വേഷണത്തിൽ വിവരം ലഭിച്ചതായി അറിയുന്നില്ല. അന്വേഷണം ത്വരിതപ്പെടുത്താൻ കോട്ടയം എസ്.പി.ക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(4) ശാസ്ത്രീയമായ റവന്യൂ താലൂക്ക് പുന:സംഘടന നടപ്പിലാക്കേണ്ടത് സംബന്ധിച്ച്

ശ്രീ. ജി. സുധാകരൻ : സർ, ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ സുപ്രധാന നയമായി ശാസ്ത്രീയമായ റവന്യൂ പുന:സംഘടന നടപ്പാക്കുമെന്ന് പ്രഖ്യപിച്ചിരുന്നല്ലോ. എന്നാൽ ഈ സർക്കാരിന് ഇനി 14 മാസം മാത്രം കാലാവധി ബാക്കിയുള്ളപ്പോഴും റവന്യൂ പുന:സംഘടന പ്രഖ്യാപിച്ചിട്ടില്ല എന്നുള്ളത് ഖേദകരമാണ്. താലൂക്ക് പുന:സംഘടന മുൻനിർത്തി പ്രധാനപ്പെട്ട കമ്മിഷൻ റിപ്പോർട്ടുകൾ സർക്കാരിന് കിട്ടിയിട്ട് മൂന്നു വർഷങ്ങൾ കഴിഞ്ഞുവല്ലോ. രണ്ട് റിപ്പോർട്ടുകളും പരിശോധിച്ച് ഒരു പുതിയ രേഖ സർക്കാർ തയ്യായാക്കുമെന്ന പ്രഖ്യാപനവും കണ്ടിരുന്നു. എന്നാൽ നടപടി ഉണ്ടായതായി കാണുന്നില്ല. രണ്ട് കമ്മിഷൻ റിപ്പോർട്ടുകളിലും കായംകുളം താലൂക്ക് രൂപീകരിക്കണമെന്നുള്ള നിർദ്ദേശം അടങ്ങിയിട്ടുള്ളതായി മനസ്സിലാക്കുന്നു. കായംകുളം താലൂക്ക് ഉടനെ രൂപീകരിക്കണമെന്നും ഈ വർഷം തന്നെ നിലവിൽ കൊണ്ടുവരാൻ മുൻകൈ എടക്കണമെന്നും അഭ്യർത്ഥിക്കുന്നു. മുപ്പതു വർഷത്തിലേറെ കാലമായുള്ള ദീർഘമായ ആവശ്യമാണ് കായംകുളം താലൂക്കിനു വേണ്ടിയുള്ളതെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ. താലൂക്കുകൾ രൂപീകരിക്കുകയാണെങ്കിൽ കായംകുളവും ഉൾപ്പെടുത്തുമെന്ന് ബഹുമാനപ്പെട്ട അങ്ങും ബഹുമാനപ്പെട്ട മന്ത്രി ചന്ദ്രശേഖരൻ നായരും കായംകുളത്തു വച്ച് പരാമർശിച്ചിട്ടുള്ളത് ഞാൻ നന്ദിപൂർവ്വം ഓർക്കുകയാണ്. സഖാവ് എം.എൻ.ഗോവിന്ദൻ നായർ, സഖാവ് ശങ്കരനാരായണൻ തമ്പി, സഖാവ് എൻ.ശ്രീധരൻ, സഖാവ് പുതുപ്പള്ളി രാഘവൻ, സഖാവ് കെ.പി.എ.സി.കേശവൻ പോറ്റി, സഖാവ് ഐഷാഭായി തുടങ്ങിയ കമ്മ്യൂണിസ്റ്റ് നേതാക്കൻമാരും പി.കെ.കുഞ്ഞുസാഹിബ്, എം.കെ.ഹേമചന്ദ്രൻ, തുണ്ടത്തിൽ കുഞ്ഞുകൃഷ്ണ പിള്ള, ഇപ്പോൾ അന്തരിച്ച തച്ചടി പ്രഭാകരൻ, സഖാവ് കാമ്പിശ്ശേരി, സഖാവ് തോപ്പിൽ ഭാസി തുടങ്ങിയ എല്ലാപേരും കായംകുളം താലൂക്ക് അവരുടെ ജീവിതക്കാലത്ത് രൂപീകരിക്കണമെന്നുള്ള ആഗ്രഹം പ്രകടിപ്പിച്ചവരായിരുന്നു. എന്നാൽ അത് നടന്നിട്ടില്ല. ആലപ്പുഴ-കോട്ടയം റെയിൽവേകളുടെ ജംഗ്ഷൻ, ടി.വി.റിലേ കേന്ദ്രം, സി.പി.സി.ആർ. കാർഷിക

LIBRARY ARCHIVES Kerala Legislative Assembly